


സ്ത്രീധന മരണങ്ങൾ
കുറ്റക്കാർ
കുടുംബവും
സമൂഹവും
ഡോ. ഖദീജ മുംതാസ് / ഡോ. ഷിംന അസീസ്
ഡോ. പി എൻ സുരേഷ് കുമാർ / വി പി റജീന
നൂർജഹാൻ കെ / സൽമ അൻവാരിയ
തയ്യാറാക്കിയത്: ഫസീല മൊയ്തു
ജൂലൈ ലക്കത്തിൽ വായിക്കാം
പുടവ
മാസിക
ഇപ്പോൾ
മാഗ്സ്റ്ററിലും
MAGZTER
www.magzter.com

സ്വർണം ഇത്ര കൊടുക്കരുത്, ആൺകുട്ടിക്കും പെൺകുട്ടിക്കും സ്വത്തിൽ തുല്യാവകാശം നൽകണം തുടങ്ങിയവയാണ് എനിക്ക് പറയാനുള്ളത്. നിയമം മാറിയതുകൊണ്ട് മാത്രമായില്ല, സമൂഹത്തിന്റെ മനോഭാവം കൂടി മാറണം. വിസ്മയയുടെ വിധി വന്നപ്പോൾ അയാൾക്ക് ശിക്ഷ ലഭിച്ചതിൽ നമ്മളെല്ലാവരും സന്തോഷിച്ചിരുന്നു. എന്നാൽ ഇത്രയധികം സ്ത്രീധനം നൽകിയ അമ്മയെയോ അച്ഛനെയോ കുറിച്ച് കോടതി ഒരഭിപ്രായം പോലും പറഞ്ഞില്ല. കോടതിയുടെ മനോഭാവം അതുതന്നെയാണ്. അവരുടെ നഷ്ടമൊക്കെ വലിയതാണ്. പക്ഷേ മാതാപിതാക്കളും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. കോടതിയിൽ നിന്ന് പരാമർശം ഉണ്ടാവണം. സ്ത്രീധനം ഇത്രയധികം കൊടുത്തുവെന്ന കാര്യം നിയമവിരുദ്ധമാണെന്ന ചോദ്യം കോടതിയിൽ നിന്നുണ്ടായില്ല. അതിനാൽ സമൂഹത്തിന്റെ മനോഭാവം തന്നെയാണ് കോടതിയുടെയും മനോഭാവം. അതുതന്നെയാണ് പോലീസിന്റെയും മനോഭാവം. ഈ മനോഭാവമാണ് മാറിവരേണ്ടത്. വിവാഹജീവിതം പ്രശ്നത്തിലായി തിരിച്ചുവരുന്ന സ്ത്രീകൾക്ക് വീട്ടിൽ സ്ഥാനമുണ്ടാവണമെങ്കിൽ സമ്പത്തിൽ അടക്കം അവൾക്ക് തുല്യമായ അവകാശങ്ങൾ ഉണ്ടാവണം. അല്ലെങ്കിൽ അവരൊരു അധികപ്പറ്റായി വീട്ടുകാർ കണക്കാക്കും.

## വിവാഹത്തോടെ തീരുന്നതല്ല രക്ഷിതാക്കളുടെ ഉത്തരവാദിത്തം

**ഡോ. പി എൻ സുരേഷ് കുമാർ**
(കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്)



കേരളം നൂറു ശതമാനം സാക്ഷരത കൈവരിച്ചുവെന്നു പറയുമ്പോഴും എത്ര വലിയ സംസ്കാര സമ്പന്നരാണെന്നു പറയുമ്പോഴും ഇപ്പോഴും കേരളത്തിൽ പുരുഷമേൽക്കോയ്മ ഉണ്ടെന്ന കാര്യത്തിൽ സംശയമില്ല. അലിഖിതമായി പാരമ്പര്യമായി തുടർന്നുകൊണ്ടിരിക്കുന്ന സംഗതിയാണിത്. അതിന്റെ കാരണമായി നോക്കുകയാണെങ്കിൽ ചെറുപ്പം മുതൽ നീ ആൺകുട്ടി, നീ പെൺകുട്ടി എന്നുള്ള വേർതിരിവുകളുണ്ട്. വളർത്തുമ്പോൾ തന്നെ രീതികൾ അങ്ങനെയാണ്. അതുകൊണ്ടുതന്നെ എപ്പോഴും സ്ത്രീയും പുരുഷനും തുല്യരാണെന്ന പറച്ചിൽ മാത്രമാണുള്ളത്. എന്നാൽ അത് പ്രായോഗികമായിട്ടില്ല. അതിന്റെ പ്രതിഫലനമാണ് വളർന്നുവരുമ്പോൾ കണ്ടുവരുന്നത്.

വളർന്നുവരുമ്പോൾ സ്ത്രീകളുടെ ശാരീരിക ദൗർബല്യം ചൂഷണം ചെയ്ത് അവരെ അടിച്ചമർത്തി കൈക്കലാക്കാനുള്ള ശ്രമം ഏതു രംഗത്തുമുണ്ട്. അവരെ പേടിപ്പിച്ചും ഭയപ്പെടുത്തിയും കാര്യങ്ങൾ നേടുകയെന്ന അവസ്ഥയാണുള്ളത്. അതുകൊണ്ടുതന്നെ വളരെ ഗണ്യമായി സ്ത്രീകൾ ശാരീരികമായി ബുദ്ധിമുട്ടുകൾ നേരിടുന്നവരാണെന്ന് പറയാം.



നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഗാർഹിക പീഡനങ്ങൾ, ലൈംഗിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ എന്നിവയെല്ലാം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കൂടുതലാണ്. സാക്ഷരത കുറഞ്ഞ ബിഹാർ പോലെയുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ കണക്ക് നോക്കുമ്പോൾ കേരളം ഇപ്പോഴും അതേ നിലയിൽ തന്നെയാണ് നിൽക്കുന്നതെന്നു പറയാൻ കഴിയും. ഇതിനു പരിഹാരം വേണമെങ്കിൽ കുട്ടികളെ വളർത്തിയെടുത്ത രീതികളിൽ പ്രത്യേകിച്ച് മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. ആൺകുട്ടികളും പെൺകുട്ടികളും തമ്മിലുള്ള വേർതിരിവ് നിർത്തി രണ്ടു കൂട്ടരും ഒരുപോലെയാണെന്നു പഠിപ്പിക്കണം. ആൺകുട്ടികൾക്ക് ഞങ്ങൾ അവരേ

ക്കാൾ ഉയർന്നവരാണെന്ന തോന്നൽ മാറിക്കിട്ടും. സ്ത്രീകളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നില്ല. അതുകൊണ്ടാണ് സ്ത്രീകൾക്കെതിരെ മോശം വാക്കുകൾ ഉപയോഗിക്കുന്നതും ആക്രമിക്കുന്നതും. മറ്റു സംസ്ഥാനങ്ങളിൽ സ്ത്രീകൾക്ക് കുറച്ചുകൂടി ബഹുമാനം ലഭിക്കുന്നുണ്ട്. സംസ്ഥാനം മുന്നിൽ നിൽക്കുന്നുണ്ടെന്നു പറഞ്ഞാലും ഒരു സ്ത്രീക്ക് വൈകുന്നേരം ഒറ്റയ്ക്ക് നടക്കാൻ കഴിയുന്ന സാഹചര്യം ഇവിടെയില്ല. മക്കളെ തുല്യരായി വളർത്താൻ ശ്രമിക്കുക, ആൺകുട്ടികളെ സ്ത്രീകളെ ബഹുമാനിക്കാൻ പഠിപ്പിക്കുക, പെൺകുട്ടികൾക്ക് കൂടുതൽ വിദ്യാഭ്യാസം നൽകുക, അവർക്ക് ജോലി ചെയ്യാനുള്ള അവ





**പെൺകുട്ടികൾ വിദ്യാഭ്യാസം നേടുകയെന്നതാണ് ആദ്യം വേണ്ടത്. സ്വന്തം കാലിൽ നിൽക്കാനുള്ള കഴിവും ആത്മവിശ്വാസവും സാഹചര്യവും നേടണം. ഭർത്താവിന്റെ വീട്ടിൽ ഒരു പ്രശ്നം ഉണ്ടെന്നറിഞ്ഞാൽ പോലും പെൺകുട്ടിയെ തിരിച്ചുവിളിക്കാൻ പല രക്ഷിതാക്കളും മടിക്കുന്നത് സമൂഹം എന്തു പറയുമെന്നു ഭയന്നാണ്.**

സരം വർധിപ്പിക്കുക, തൊഴിൽ പഠിക്കുന്ന സ്ഥലത്തും പരസ്പരം ബഹുമാനിക്കുന്ന സംസ്കാരം വളർത്തിയെടുക്കുക. വിദേശ രാജ്യങ്ങളിൽ സ്ത്രീകൾക്ക് ഫ്രീഡം ഓഫ് ലൈഫ് സ്റ്റൈലുണ്ട്. സ്ത്രീകളെ വസ്ത്രത്തിന്റെ പേരിൽ കളിയാക്കലുകളില്ല. അത്തരത്തിൽ ഇവിടെയില്ല. ഇതെല്ലാം ഉപേക്ഷിക്കുക എന്നതും ചെയ്യേണ്ടതാണ്.

പുരുഷൻ ജോലി ചെയ്യുന്നു, സ്ത്രീ അവരെ ആശ്രയിച്ചു നിൽക്കുന്നുവെന്ന രീതിയാണ് നമ്മുടെ നാട്ടിൽ ഇപ്പോഴും. സ്ത്രീക്കും സ്വതന്ത്രയായി നിൽക്കണമെന്ന തിരിച്ചറിവ് ഉണ്ടായിവരണം. സ്ത്രീകൾക്ക് മാത്രമായി കൗൺസലിങ് സെന്ററുകൾ വരണം. ഏതു സമയത്തും സഹായിക്കാൻ കഴിയുന്ന സെന്ററുകൾ സ്ത്രീകളിലേക്ക് എത്തണം. സ്ത്രീകൾ പ്രശ്നങ്ങൾ പുറത്തു പറയണം. വീട്ടുകാരോടോ സുഹൃത്തുക്കളോടോ തുറന്നു സംസാരിച്ചാൽ പല തരം വീർപ്പുമുട്ടലുകളും ഇല്ലാതാവും.

സ്ത്രീശാക്തീകരണം പേപ്പറിൽ മാത്രം ഒതുങ്ങുന്ന സ്ഥിതിയിൽ നിന്ന് മാറണം. കല്യാണം കഴിച്ചുകൊടുത്തുകഴിഞ്ഞാൽ കുടുംബത്തിന്റെ ഉത്തരവാദിത്തം തീരുന്നില്ല. അവരുടെ മകൾ ആ വീട്ടിൽ സന്തോഷത്തോടെ ജീവിക്കുന്നുണ്ടോ, എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ എന്നുകൂടി പരിശോധിക്കണം. ഉത്തരയുടെ കേസിൽ കണ്ടില്ലേ, പണം കൂടുതൽ കൂടുതൽ കൊടുത്തിട്ട് കാര്യമില്ല. അയാളുടെ അവസ്ഥയും സ്വഭാവവും മനസ്സിലാക്കണം. ജീവിക്കാൻ പറ്റാത്ത സാഹചര്യമാണെങ്കിൽ ഇട്ടിട്ട് പോരണമെന്നാണ് പറയാനുള്ളത്. മറ്റുള്ളവർ എങ്ങനെ നോക്കും കാണും എന്നുള്ള ചിന്താഗതി മാറിയിട്ട്, പ്രശ്നമുണ്ടെങ്കിൽ നീ ധൈര്യമായി വീട്ടിൽ വന്നോ, നിനക്ക് ഞങ്ങളുണ്ട് എന്ന ധൈര്യം പെൺകുട്ടികൾക്ക് നൽകുന്ന മാതാപിതാക്കൾ ഉണ്ടാവേണ്ട കാലം അതിക്രമിച്ചു.

സർക്കാരിന്റെ സ്ത്രീകളുടെ ശാക്തീകരണ പദ്ധതികളൊക്കെ എത്രകണ്ട് സ്ത്രീകൾക്കിടയിൽ എത്തുന്നുണ്ടെന്ന് ആലോചിക്കണം. ബുദ്ധിമുട്ടുകൾ കൂടുതൽ നേരിടേണ്ടിവരുന്നത് വിദ്യാഭ്യാസം കുറഞ്ഞ, സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള താഴേക്കിടയിലുള്ള സ്ത്രീകൾക്കാണ്. അവർക്ക് നിയമപരമായി ലഭിക്കേണ്ട സഹായങ്ങൾ, കൗൺസലിങ് ഇതൊക്കെ എത്രത്തോളം ലഭിക്കുന്നുണ്ടെന്നത് സംശയമാണ്. വനിതാ കമ്മീഷൻ, ജനമൈത്രി പോലീസൊക്കെ അവരെ ശാക്തീകരിക്കാനും സഹായിക്കാനും മുന്നോട്ടുവരേണ്ടത് അത്യാവശ്യമാണ്. ഏറ്റവും കൂടുതൽ വേണ്ടത് സ്ത്രീകൾക്ക് വിദ്യാഭ്യാസവും സ്വന്തമായി ജോലിയുമാണ്. എന്നാലേ ഈ സാഹചര്യത്തിന് മാറ്റം വരുകയുള്ളൂ.

സ്ത്രീകൾക്ക് വിവാഹമോചനം ലഭിക്കണമെങ്കിലോ സഹായം ലഭിക്കണമെങ്കിലോ നാലോ അഞ്ചോ വർഷമാണ് കുടുംബ കോടതികളിൽ വേണ്ടിവരുന്നത്. പെട്ടെന്നുള്ളൊരു സഹായം ലഭിക്കുന്നില്ല. സ്ത്രീകൾക്ക് മാത്രമായി ഫാസ്റ്റ്ട്രാക്ക് കോടതികൾ സംസ്ഥാനത്തുണ്ടാവണം. പഞ്ചായത്ത് തലത്തിൽ ഫാമിലി കോർട്ടുകൾ ഉണ്ടാവേണ്ടതുണ്ട്. കേസുകൾ കൂടി വരുന്നതോടെ തത്സമയ പരിരക്ഷ ലഭിക്കുന്നില്ല. നിയമ പരിരക്ഷ പ്രായോഗികമല്ലാത്ത സാഹചര്യമാണ്. അതുകൊണ്ടുതന്നെ കുറ്റവാളികൾക്ക് ധൈര്യം ലഭിക്കുകയാണ്. നിയമം തന്നെ ശിക്ഷിക്കില്ലെന്ന തോന്നൽ അവർക്ക് ഉണ്ടാവുകയാണ്. നിയമത്തിന്റെ പഴുതുകൾ അടച്ചുകൊണ്ട് നിയമത്തിലൂടെ അവരെ ശിക്ഷിക്കാനുള്ള സാഹചര്യം ഉണ്ടാവണം.

## നിന്റെ വീട്ടിൽ ഒരു മുറി നിനക്ക് എപ്പോഴുമുണ്ട്

**ഡോ. ഷിംന അസീസ്**

(ആരോഗ്യ പ്രവർത്തക, എഴുത്തുകാരി)



പെൺകുട്ടികൾ വിദ്യാഭ്യാസം നേടുകയെന്നതാണ് ആദ്യം വേണ്ടത്. സ്വന്തം കാലിൽ നിൽക്കാനുള്ള കഴിവും ആത്മവിശ്വാസവും സാഹചര്യവും നേടണം. ഭർത്താവിന്റെ വീട്ടിൽ ഒരു പ്രശ്നം ഉണ്ടെന്നറിഞ്ഞാൽ പോലും പെൺകുട്ടിയെ തിരിച്ചുവിളിക്കാൻ പല രക്ഷിതാക്കളും മടിക്കുന്നത് സമൂഹം എന്തു പറയുമെന്നു ഭയന്നാണ്. സമൂഹം ഒന്നിന്റെയും അവസാന വാക്കല്ല. ഗാർഹിക പീഡനം ഉൾപ്പെടെ എന്തുണ്ടെങ്കിലും 'നിന്റെ വീട്ടിൽ ഒരു മുറി നിനക്ക് എപ്പോഴുമുണ്ട്' എന്നു പറയാനും കൂടെ നിൽക്കാനും മാതാപിതാക്കൾ തയ്യാറാവണം. സ്ത്രീകൾക്ക് സംരക്ഷണം കിട്ടാത്ത അവസ്ഥയിൽ സ്ത്രീക്ക് നിയമം പരിരക്ഷ നൽകും. എല്ലാ പോലീസ് സ്റ്റേഷനിലും വനിതാ സെല്ലുണ്ട്. അവിടെ പരാതി നൽകാം. അല്ലെങ്കിൽ വനിതാ കമ്മീഷൻ പോലുള്ള സ്ത്രീവേദികളുമുണ്ട്. പീഡനങ്ങളെയും അടിച്ചമർത്തലുകളെയും അതിജീവിച്ചു മുന്നോട്ടുപോകുന്ന ചിലരുടെ ജീവിതങ്ങൾ നമുക്കു ചുറ്റുമുണ്ട്. ഗാർഹിക പീഡനം നേരിടേണ്ടിവരുന്ന സാഹചര്യത്തിൽ അത്തരം ജീവിതങ്ങളെ പ്രചോദനവും മാതൃകയുമാക്കി മുന്നോട്ടുപോകാൻ കഴിയണം.

## ആർത്തിയെ ഒറ്റമൂലി കൊണ്ട് നേരിടാനാവില്ല

**വി പി റജീന**

(മാധ്യമ പ്രവർത്തക)



ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആർത്തിയുടെ ഒരു സംസ്കാരമുണ്ടല്ലോ, അതിനു സ്ത്രീധനം പോലുള്ള സംവിധാനങ്ങൾ വളരെ ലെജിറ്റിമസി നൽകുന്നുണ്ട്. പണ്ട് ഉണ്ടായിരുന്ന, ഉണ്ടായിരുന്നുവെന്നു തോന്നുന്ന ഒരു മനോഭാവം ഇത്തരം സംഗതികളോടൊക്കെയു



ണ്ട്. ഇത് കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കുമുണ്ട്. കൊടുക്കുന്നവർക്ക് ഇത് ഞങ്ങളുടെ മകളുടെ ഭാവിക്ക് ഉപകരിക്കാനാണെന്ന, സോഷ്യൽ സ്റ്റാറ്റസിന്റെ പ്രകടനാത്മകത കൂടിയാണ്. കല്യാണം കഴിക്കുമ്പോൾ കുട്ടിക്ക് കൊടുക്കുന്നത് മറ്റുള്ളവർ കാണുന്നത്, അതിലുള്ള അഭിരമിക്കലൊക്കെ മറ്റുള്ളവർക്ക് കൂടുതൽ കൂടുതൽ കിട്ടാനുള്ള ആർത്തിയും ഉണ്ടാക്കുന്നു. ഈ ആർത്തിയെ ഒരൊറ്റമൂലി കൊണ്ട് നേരിടാൻ കഴിയില്ല. അത് ഈ വ്യവസ്ഥ സ്യ